പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.5406 — 26/03/2018-ൽ മറുപടിക്ക്

## മത്സ്യഫെഡിലെ കോൺട്രാക്ട് നിയമനം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യഫെഡിൽ എത്രപേരെ നിയമിച്ചു; ഇതിൽ കോൺട്രാക്ട് നിയമനം എത്ര; ഡെപ്യൂട്ടേഷൻ നിയമനം എത്ര; സംവരണം പാലിച്ചാണോ നിയമനം നടത്തിയത്; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യഫെഡിൽ 79 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>കോൺട്രാക്ട് നിയമനം - 18<br>ഡെപ്യൂട്ടേഷൻ - 8<br>ദിവസ വേതനം - 53<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുള്ള പ്രോജക്ട് ഓഫീസർ തസ്തികയ്ക്ക് സംവരണം പാലിച്ചിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് എംപ്ലോയ്മെന്റ് വഴിയും അല്ലാതെയും മത്സ്യഫെഡിൽ നിയമനം നടത്താനിടയായത്. |
| (ബി) | സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി യോഗ്യതയില്ലാത്ത എത്രപേർ ജോലി നോക്കുന്നുണ്ട്; അറിയിക്കുമോ; | (ബി) | അനുശ്രുസേവന വ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത് സ്പെഷ്യൽ റൂൾസിലെ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല. |
| (സി) | ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര തസ്തിക ഉണ്ട്; ഈ സർക്കാർ എത്ര പേരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ആകെ 67 അംഗീകൃത ജൂനിയർ അസിസ്റ്റന്റ് / സീനിയർ അസിസ്റ്റന്റ് തസ്തികകൾ ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ടി തസ്തികയിൽ ഒരാളെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | യോഗ്യതയില്ലാത്ത എത്ര ജൂനിയർ അസിസ്റ്റന്റുമാർ മത്സ്യഫെഡിൽ നിയമിതരായിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | യോഗ്യതയില്ലാത്ത ജൂനിയർ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ